## പതിനാലാം കേരള നിയമസഭ
## പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.3545 — 20.06.2018 ൽ മറുപടിക്ക്

## സമഗ്ര ആരോഗ്യ ഇൻഷ്വറൻസ് പദ്ധതി

| ചോദ്യം<br>ശ്രീ.അടൂർ പ്രകാശ് | | ഉത്തരം<br>കെ.കെ. ശൈലജ ടീച്ചർ<br>(ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പ് മന്ത്രി) | |
|---|---|---|---|
| (എ) | സമഗ്ര ആരോഗ്യ ഇൻഷ്വറൻസ് പദ്ധതി , കാരുണ്യ അടക്കമുള്ള ആരോഗ്യ ഇൻഷ്വറൻസ് പദ്ധതികളുമായി ലയിപ്പിക്കാൻ സർക്കാർ തീരുമാനിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ? | (എ), (ബി) & (സി) | ദേശീയ ആരോഗ്യ സുരക്ഷ പദ്ധതിയായ പ്രധാനമന്ത്രി രാഷ്ട്രീയ സ്വാസ്ഥ്യ സുരക്ഷ മിഷന്റെ ആനുകൂല്യങ്ങൾ വേണ്ടവിധം പ്രയോജനപ്പെടുത്തുന്നതിനായി സംസ്ഥാന ഇൻഷ്വറൻസ് പദ്ധതികളായ ചിസ് പ്ലസ്, കാരുണ്യ ബനവലന്റ് ഫണ്ട് എന്നിവ ലയിപ്പിച്ച് കാരുണ്യ സുരക്ഷ പദ്ധതി എന്ന പേരിൽ ഒരു സമഗ്ര ആരോഗ്യ ഇൻഷ്വറൻസ് പദ്ധതി സംസ്ഥാനത്ത് നടപ്പിലാക്കാൻ തീരുമാനിക്കുകയും ആയതിന്റെ നടപടിക്രമവും ചെലവും തീരുമാനിച്ച് റിപ്പോർട്ട് സമർപ്പിക്കുന്നതിനായി ഗുലാത്തി ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫിനാൻസ് ആന്റ് ടാക്സേഷൻ ഡയറക്ടർ ഡോ.ഡി.നാരായണ അദ്ധ്യക്ഷനായി ഒരു ആറംഗ സമിതി 29.05.2018 ലെ സ.ഉ.(സാധാ).1739/2018/ആ.കു.വ നമ്പർ ഉത്തരവു പ്രകാരം രൂപീകരിച്ചിട്ടുണ്ട്. ടി സമിതി റിപ്പോർട്ട് സമർപ്പിച്ചിട്ടില്ല. |
| (ബി) | ദേശീയ ആരോഗ്യ സുരക്ഷാ പദ്ധതിയുടെ പിൻബലത്തിലാണോ ഈ സുരക്ഷാ പദ്ധതി പ്രാവർത്തികമാക്കുന്നതെന്ന് വ്യക്തമാക്കുമോ. | | |
| (സി) | വിവിധ ചികിത്സകളുടെ ചെലവ് കണക്കാക്കുവാനായി ഏതെങ്കിലും സ്ഥാപനത്തെ ചുമതലപ്പെടുത്തിയിട്ടുണ്ടോ; എങ്കിൽ വിശദമാക്കുമോ? | | |

സെക്ഷൻ ഓഫീസർ